"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 986/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1304/2024/LSGD തിരുവനന്തപുരം, തീയതി: 19-07-2024

---

പരാമർശം:-

1. സ. ഉ. (കൈ) നം. 32/2019/ധന തീയതി 18/03/2019
2. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ 26/09/2022-ലെ എൽ.എ.ആർ. 986/2009 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06/03/2024 തീയതിയിലെ കെ1/51358/2023 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/04/2023, 12/04/2024 എന്നീ തീയതിയിലെ എ3/2817/2007/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി പൊന്നുവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വസ്തു ഉടമ ശ്രീമതി പി. വിജയകുമാരി ഫയൽ ചെയ്തിരുന്ന എൽ.എ.ആർ.986/2009 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിക്കടത്തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് -ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിൽ സർവ്വേ നമ്പർ 1105/1-4,1-5-ൽഉൾപ്പെട്ടതും ശ്രീമതി പി. വിജയകുമാരിയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.52 ആർ സ്ഥലം പൊന്നുവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 986/2009 നമ്പർ കേസിലെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള പരാമർശം (3) കണക്കുവിവരപ്പട്ടിക പ്രകാരമുള്ള 56,51,241/- രൂപ (അമ്പത്തിയാറ് ലക്ഷത്തി

അമ്പത്തിയൊന്നായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊന്ന് രൂപ മാത്രം) ശ്രീമതി പി. വിജയകുമാരിക്ക് (വിജയസദനം, ടി.സി.2/1442, പൊട്ടക്കുഴി, പട്ടം പി.ഒ., തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം.

ശ്രീമതി പി. വിജയകുമാരി, വിജയസദനം, ടി.സി.2/1442, പൊട്ടക്കുഴി,
പട്ടം പി.ഒ., തിരുവനന്തപുരം (*ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന*).

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/131/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 20-07-2024 13:34:44

സെക്ഷൻ ഓഫീസർ